"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024 ജൂലൈ മാസത്തിലെ മഴക്കെടുതി മൂലമുണ്ടായ മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമ പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ മേഖലാ നിബന്ധനകളിൽ ഇളവ് അനുവദിച്ചും ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1448/2024/LSGD തീയതി,തിരുവനന്തപുരം, 05-08-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(സാധാ)നം.1236/2024/തസ്വഭവ; തീയതി 07.07.2024
3. സ.ഉ.(സാധാ)നം.1386/2024/തസ്വഭവ; തീയതി 30.07.2024
4. സ.ഉ.(സാധാ) നം 1427/2024/തസ്വഭവ തിയ്യതി 3.08.2024

**ഉത്തരവ്**

മഴക്കെടുതി മൂലമുണ്ടായ മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ വലിയ തോതിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളും മറ്റ് വികസന-ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ട അടിയന്തിര സാഹചര്യം ഉള്ളതിനാൽ പരാമർശിത ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗരേഖയുടെ ഖണ്ഡിക 5.4 പ്രകാരമുള്ള മേഖല നിബന്ധനകളിലും പ്രത്യേക പദ്ധതികൾക്കുള്ള നിർബന്ധിത വകയിരുത്തലിലും മേപ്പാടി ഗ്രാമ പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ഗ്രാമ പഞ്ചായത്തിന്റെ തീരുമാന പ്രകാരം അത്യന്താപേക്ഷിതമായ പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. ഇതിനായി വാർഷിക പദ്ധതി ഭേദഗതി ചെയാവുന്നതാണ്.

2. മേപ്പാടി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പുനരുദ്ധാരണ-വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തും വയനാട് ജില്ലാ പഞ്ചായത്തും 2024-25 വാർഷിക പദ്ധതിയിൽ നിർബന്ധമായും തുക നീക്കി വെയ്ക്കേണ്ടതാണ്. മേപ്പാടി ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ട് നിർവ്വഹിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആ രീതിയിൽ നിർവ്വഹിക്കുകയും ഗ്രാമ പഞ്ചായത്ത് മുഖേന നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം നൽകുകയും ചെയ്യേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് മുഖേന നിർവ്വഹിക്കുന്ന എല്ലാ വ്യക്തിഗത ആനുകൂല്യ പ്രൊജക്ടുകൾക്കും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്.

3. ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രവർത്തികൾ ഏറ്റെടുക്കുന്നതിനായി താഴെ വിവരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു;

i.ദുരന്തത്തെത്തുടർന്നു ആരോഗ്യം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ ആവശ്യമുള്ള പ്രവർത്തനങ്ങൾ ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കി ഏറ്റെടുക്കേണ്ടതാണ്. സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ ആരോഗ്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വീകരിക്കണം. ആശുപത്രികൾക്ക് ആവശ്യമായ അത്യാവശ്യ മരുന്നുകൾ വാങ്ങാവുന്നതാണ്.

ii.ശുചിത്വവുമായി ബന്ധപ്പെട്ട സൂചന നാല് സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

iii.ഒറ്റപ്പെട്ടുപോയവരെ രക്ഷപ്പെടുത്തുവാനും ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ നിന്നും ആൾക്കാരെ ഒഴിപ്പിക്കുവാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ജില്ലാ കളക്ടർ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

iv.തിരിച്ചറിയാത്ത മൃതദേഹങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് മറവുചെയ്യുന്നതിന്/ സംസ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

v.വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം താമസ സൗകര്യം ഉണ്ടാകുന്നതുവരെ താൽക്കാലിക താമസ സൗകര്യം ഏർപ്പാടാക്കേണ്ടതാണ്. ഇതിനു വേണ്ടിയുള്ള കെട്ടിടങ്ങൾ അടിയന്തിരമായി കണ്ടെത്തേണ്ടതാണ്.

vi.ദുരിത ബാധിതർക്ക് റിലീഫ് കിറ്റുകളും ആവശ്യമായ ദുരിതാശ്വാസ സാമഗ്രികളും ഭക്ഷണവും , ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ച ഉറപ്പാക്കേണ്ടതാണ്. കഴിവതും സ്പോൺസർഷിപ്പിലൂടെ ഇവ കണ്ടെത്തേണ്ടതാണ്.

vii.ആവശ്യമായവർക്ക് പാലിയേറ്റിവ് പരിചരണ സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കണം.

viii.ദുരന്ത ബാധിത പ്രദേശങ്ങളുടെയും കേടുപാടുകൾ സംഭവിച്ച വസ്തുവകകളുടെയും ഡോക്യുമെന്റേഷനും കണക്കെടുപ്പും നടത്തണം. ജില്ലാ കളക്ടറുടെ നിർദ്ദേശം അനുസരിച്ചായിരിക്കണം കെട്ടിടങ്ങൾക്ക് സംഭവിച്ച നാശനഷ്ടങ്ങളുടെ (നാശത്തിന്റെ വ്യാപ്തിയുടെ) കണക്കെടുപ്പ എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തേണ്ടത്.

ix. തകർന്ന റോഡുകൾ, പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ എന്നിവ അറ്റകുറ്റപ്പണി നടത്തി പൂർവസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

x. സന്നദ്ധപ്രവർത്തകർക്കും മറ്റ് സഹായ സംഘങ്ങൾക്കുമുള്ള ചെലവുകൾ കഴിവതും തനത് ഫണ്ടിൽ നിന്നും കണ്ടെത്തണം. അടിയന്തിരമായി വരുന്ന താൽക്കാലികാവശ്യങ്ങൾക്കും ഇതേ മാനദണ്ഡമനുസരിച്ച് സ്റ്റാഫിനെ എടുക്കാവുന്നതാണ്. അതിനു കഴിയുന്നില്ലെങ്കിൽ മാത്രം

പൊതുവിഭാഗം വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. മരുന്നുകൾ വാങ്ങുന്നതിന് വികസന/തനത് ഫണ്ടുകൾക്ക് പുറമെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടും and Health grant വിനിയോഗിക്കാവുന്നതാണ്.

4. അടിയന്തിര സ്വഭാവത്തിൽ നടപ്പാക്കേണ്ട മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് ആണ് വിനിയോഗിക്കുന്നതെങ്കിൽ പ്രോജക്ടിന് രൂപം നൽകേണ്ട ആവശ്യമില്ല. പ്രോജക്ട് ഇല്ലാതെ ഭരണ സമിതി തീരുമാന പ്രകാരം തുക ചെലവഴിക്കാവുന്നതാണ്. എന്നാൽ വികസന ഫണ്ടോ മെയിന്റനൻസ് ഫണ്ടോ വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെങ്കിൽ സുലേഖ സോഫ്റ്റ് വെയറിലെ 'സ്പെഷ്യൽ പ്രോജക്ട്' സൗകര്യം ഉപയോഗിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ല. വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നിർവഹണം ആരംഭിക്കാവുന്നതും 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി തുക വിനിയോഗിക്കാവുന്നതുമാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ് എന്നീ ഇനങ്ങളിൽ തുക ലഭ്യമാണെങ്കിൽ സാധ്യമായ ഘടകങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഈ തുക ഉപയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത്
2. പ്രസിഡന്റ്/ സെക്രട്ടറി, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
3. പ്രസിഡന്റ്/ സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് ടൗൺ പ്ലാനർ
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. ജില്ലാകളക്ടർ, വയനാട്
12. ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്
13. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), വയനാട്
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
22. റവന്യൂ വകുപ്പ്

23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 06-08-2024 11:01:13

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്